'ഭരണഭാഷ മാതൃഭാഷ'

ഡി.സി.പി.യു/പി.ടി.എ/ 219/17

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസറുടെ
കാര്യാലയം, ആറൻമുള പത്തനംതിട്ട
തീയതി : 05.06.2017
ഫോൺ നം: 0468- 2319998

## വിജ്ഞാപനം

സാമൂഹ്യ നീതി വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മന:ശാസ്ത്രപരമായ പരിരക്ഷയും പിന്തുണയും നൽകി കുട്ടികളുടെ സ്വഭാവ പരിവർത്തനം സാദ്ധ്യമാക്കി ശരിയായ സാമൂഹ്യജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ബാംഗ്ലൂർ നിംഹാൻസ് ന്റെ സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള 'കാവൽ പദ്ധതി' യിലേക്ക് സഹകരിച്ച് പ്രവർത്തിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് പ്രവർത്തിക്കാൻ അനുയോജ്യരായ രണ്ട് സന്നദ്ധ സംഘടകളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് കൊള്ളുന്നു.

<u>മാനദണ്ഡങ്ങൾ</u>

1. അപേക്ഷിക്കുന്ന സംഘടന 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട്, 1860 ലെ സൊസൈറ്റീസ് ഇൻഡ്യൻ ആക്ട്, 1882 ലെ ഇന്ത്യൻ ട്രസ്റ്റ് ആക്ട് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം

അല്ലെങ്കിൽ

എം.എസ്.ഡബ്ല്യു., ബി.എസ്.ഡബ്ല്യു കോഴ്സുകൾ നടത്തുന്ന അക്കാദമിക് സ്ഥാപനങ്ങളുടെ ഔട്ട് റീച്ച് സംവിധാനമായിരിക്കണം.

2. സാമൂഹ്യ നീതി വകുപ്പിന്റെ അക്രഡിറ്റേഷൻ ലഭിച്ച സന്നദ്ധ സംഘടനയായിരിക്കണം.

അല്ലെങ്കിൽ

കുട്ടികളുടെ പുനരിധിവാസ മേഖലയിൽ 2 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം ഉള്ള സംഘടനയായിരിക്കണം.

3. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കാനുള്ള സന്നദ്ധയുള്ള സംഘടനയായിരിക്കണം.

4. നിയമ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടായിരിക്കണം.

5. ഈ പദ്ധതി ഏറ്റെടുത്ത് നടത്തുവാനുള്ള സാമ്പത്തിക ഭദ്രതയുള്ള സംഘടനയായിരിക്കണം.

അപേക്ഷിക്കുന്ന സന്നദ്ധ സംഘടനകൾ സംഘടനാ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി, കഴിഞ്ഞ 2 വർഷത്തെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ്, ഭരണ റിപ്പോർട്ട് എന്നിവ സഹിതം **2017 ജൂൺ 30 നകം ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ**

**യൂണിറ്റ്, മിനി സിവിൽ സ്റ്റേഷൻ മൂന്നാം നില, ആറൻമുള- 689533 പത്തനംതിട്ട** എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ശിശു സംരക്ഷണയൂണിറ്റുമായി ബന്ധപ്പെടുക. ഫോൺ: 0468 2319998

ജില്ലാ ശിശുസംരക്ഷണ ഓഫീസർ
പത്തനംതിട്ട

[illegible]ർ. എ.ഒ.
ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസർ
പത്തനംതിട്ട